**15 -ാം കേരള നിയമസഭ**

**11 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 5592** **08-07-2024 - ൽ മറുപടിയ്ക്ക്**

**പുതിയ സ്റ്റാർട്ടപ്പുകൾ ആരംഭിക്കുന്നതിനുള്ള നടപടിക്രമങ്ങൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ. പി. വി. അൻവർ** | | **ശ്രീ. പിണറായി വിജയൻ<br>(മുഖ്യമന്ത്രി)** | |
| (എ) | സംസ്ഥാനത്ത് പുതിയ സ്റ്റാർട്ടപ്പുകൾ ആരംഭിക്കുന്നതിനുള്ള നടപടിക്രമങ്ങൾ വിശദമാക്കാമോ; അപേക്ഷ സമർപ്പിക്കുന്നതിന്റെയും അനുമതി നൽകുന്നതിന്റെയും വിശദാംശം ലഭ്യമാക്കാമോ; | (എ) | രജിസ്ട്രാർ ഓഫ് കമ്പനീസിൽ രജിസ്റ്റർ ചെയ്യുകയോ ലിമിറ്റഡ് ലൈബലിറ്റി പാർട്ട്നർഷിപ്പായി രജിസ്റ്റർ ചെയ്യുകയോ ആണ് ആദ്യ നടപടി. ഇത്തരത്തിൽ രജിസ്ട്രേഷൻ ലഭ്യമാകുന്ന മുറക്ക് കേന്ദ്ര സർക്കാരിന്റെ DPIIT (Department for Promotion of Industry and Internal Trade) രജിസ്ട്രേഷൻ നടത്താനും തുടർന്ന് കേരള സ്റ്റാർട്ടപ്പ് മിഷന്റെ യുണീക്ക് ഐഡി ലഭിക്കുന്നതിന് രജിസ്റ്റർ ചെയ്യുവാനും കഴിയും. കേരള സ്റ്റാർട്ടപ്പ് മിഷന്റെ യുണീക്ക് ഐഡി ലഭിക്കുന്നതിന് startups.startupmission.in എന്ന വെബ് സൈറ്റിലൂടെ അപേക്ഷിക്കാവുന്നതാണ്. |
| (ബി) | സ്ത്രീകളുടെയും യുവാക്കളുടെയും വിദ്യാർത്ഥികളുടെയും നേതൃത്വത്തിലുള്ള സ്റ്റാർട്ടപ്പുകൾക്ക് പ്രത്യേക പരിഗണനകളോ പ്രോത്സാഹനങ്ങളോ നൽകാറുണ്ടോയെന്നും ഇത്തരം സ്റ്റാർട്ടപ്പുകൾക്ക് ഈടില്ലാതെ വായ്പകൾ ലഭ്യമാക്കാൻ സംവിധാനമുണ്ടോയെന്നും വിശദമാക്കാമോ; | (ബി) | വിദ്യാർത്ഥികളിൽ സംരംഭകത്വവും സാങ്കേതികതയും പ്രോത്സാഹിപ്പിക്കുന്നതിനായി കേരളത്തിലുടനീളമുള്ള ആർട്ട്സ് ആന്റ് സയൻസ് കോളേജ്, എഞ്ചിനീയറിംഗ്, പ്രോഫഷണൽ കോളേജ്, പോളിടെക്നിക് കോളേജുകളിലായി 481 ഇന്നവേഷൻ ആന്റ് എന്റർപ്രണർഷിപ്പ് ഡവലപ്മെന്റ് സെന്ററുകൾ സ്ഥാപിച്ചിട്ടുണ്ട്.<br><br>വനിതാ സംരംഭകർക്കായി We Start എന്ന പ്രീ ഇൻക്യുബേഷൻ പരിപാടി, വുമൺ പ്രോഡക്ടൈസേഷൻ ഗ്രാന്റ്, പർച്ചേസ് ഓർഡറിനു വിധേയമായി ലഘുവായ വ്യവസ്ഥകളിൽ വായ്പ എന്നിവ ലഭ്യമാണ്. സ്റ്റാർട്ടപ്പ് സംരംഭകർക്ക് സ്റ്റാർട്ടപ്പ് മിഷനിലൂടെ ലഭ്യമാക്കുന്ന വായ്പകൾക്ക് പ്രത്യേക ഈടൊന്നും നിഷ്കർഷിച്ചിട്ടില്ല. |
| (സി) | പുതുതായി ആരംഭിക്കുന്ന സ്റ്റാർട്ടപ്പുകൾക്ക് നൽകുന്ന ധനസഹായങ്ങൾ എന്തെല്ലാമെന്ന് വ്യക്തമാക്കാമോ; | (സി) | ആശയം ഉത്പ്പന്നമാക്കി മാറ്റുന്നതിന് നൽകി വരുന്ന 3 ലക്ഷം രൂപ വരെയുള്ള ഐഡിയ ഗ്രാന്റാണ് പുതിയ സ്റ്റാർട്ടപ്പുകൾക്ക് ലഭ്യമായ പ്രധാന ധനസഹായം. കൂടാതെ 15 ലക്ഷം രൂപ വരെയുള്ള സീഡ് ലോണും ലഭ്യമാകുന്നു. |

| | | | |
|---|---|---|---|
| (ഡി) | സ്റ്റാർട്ടപ്പുകൾക്ക് സ്കെയിൽ അപ്പ് സപ്പോർട്ട് ലഭിക്കുന്നതിനുള്ള മാനദണ്ഡങ്ങളും നടപടിക്രമങ്ങളും വ്യക്തമാക്കാമോ? | (ഡി) | സ്റ്റാർട്ടപ്പുകൾക്ക് സ്കെയിലപ് ഗ്രാന്റ് ലഭിക്കുന്നതിനുള്ള മാനദണ്ഡങ്ങളും നടപടി ക്രമങ്ങളും താഴെപ്പറയും പ്രകാരമാണ്.<br><br>1. കഴിഞ്ഞ ആറ് മാസത്തിൽ പ്രസ്തുത ഉത്പ്പന്നത്തിൽ നിന്നും 10 ലക്ഷം രൂപ വരുമാനം ലഭിച്ച സ്റ്റാർട്ടപ്പായിരിക്കണം അല്ലെങ്കിൽ പുറത്തുനിന്നുള്ള മൂലധന നിക്ഷേപമായി 30 ലക്ഷം രൂപയിൽ കുറയാത്ത തുക ലഭ്യമായ സ്റ്റാർട്ടപ്പായിരിക്കണം.<br>2. കേരള സ്റ്റാർട്ടപ്പ് മിഷന്റെ യുണീക്ക് ഐഡി ലഭ്യമായ സ്റ്റാർട്ടപ്പായിരിക്കണം.<br>3. പ്രൈവറ്റ് ലിമിറ്റഡ് ആയോ ലിമിറ്റഡ് ലൈബിലിറ്റി പാർട്ണർഷിപ്പ് ആയോ രജിസ്റ്റർ ചെയ്തതും MCA (Ministry of Corporate Affairs) ൽ ആക്ടീവ് സ്റ്റാറ്റസ് ഉള്ള സ്റ്റാർട്ടപ്പ് ആയിരിക്കണം.<br>4. ഐഡിയ ഗ്രാന്റ്, പ്രോഡക്ടൈസേഷൻ ഗ്രാന്റ്, മാർക്കറ്റ് ആക്സിലറേഷൻ ഗ്രാന്റ് എന്നീ ഗ്രാന്റ് ലഭിച്ച സ്റ്റാർട്ടപ്പുകൾക്കും ഗ്രാന്റിനായി അപേക്ഷിക്കാം.<br>5. മുമ്പ് സ്കെയിലപ് ഗ്രാന്റ് 12 ലക്ഷം ആയിരുന്നപ്പോൾ അത് ലഭിച്ച സ്റ്റാർട്ടപ്പുകൾക്കും നിലവിലെ സ്കെയിലപ് ഗ്രാന്റ് പരിധിയായ 15 ലക്ഷം രൂപ ലഭിക്കുന്നതിനായി 3 ലക്ഷം രൂപയുടെ അപേക്ഷ സമർപ്പിക്കാവുന്നതാണ്.<br>6. നൂതന സാങ്കേതിക വിദ്യ അടിസ്ഥാനമാക്കിയ ഉത്പ്പന്നമുള്ള സ്റ്റാർട്ടപ്പുകളെയാണ് ഈ പദ്ധതിയിൽ പരിഗണിക്കുക.<br><br>മേൽപ്പറഞ്ഞ മാനദണ്ഡങ്ങളുടെ അടിസ്ഥാനത്തിൽ പരിശോധന നടത്തുകയും ചുരുക്കപ്പട്ടിക തയ്യാറാക്കി വിദഗ്ധ സമിതിക്ക് മുമ്പാകെ അവതരിപ്പിക്കുന്നതിനുള്ള അവസരം സ്റ്റാർട്ടപ്പിന് നൽകും. ഏഞ്ചൽ നിക്ഷേപകരിൽ നിന്നുള്ള പ്രതിനിധിയും ബന്ധപ്പെട്ട സാങ്കേതിക വിദ്യയിലൂന്നിയ സ്ഥാപനത്തിൽ നിന്നുള്ള പ്രതിനിധിയും സ്റ്റാർട്ടപ്പ് മിഷന്റെ പ്രതിനിധിയും ഉൾപ്പെട്ട വിദഗ്ധ സമിതിയാണ് അപേക്ഷ പരിശോധിച്ച് ശുപാർശ സമർപ്പിക്കുന്നത്. വിദഗ്ധ സമിതിയുടെ ശുപാർശ പരിശോധിച്ച് അംഗീകാരം നൽകുകയും തുക 2 ഘട്ടങ്ങളായി വിതരണം ചെയ്യുകയുമാണ് നടപടിക്രമം. ആദ്യ ഘട്ടത്തിൽ നൽകിയ തുകയുടെ വിനിയോഗം |

| | | | |
|---|---|---|---|
| | | | പരിശോധിച്ച ശേഷമാണ് രണ്ടാം ഘട്ടം തുക അനുവദിക്കുന്നത്. |

സെക്ഷൻ ഓഫീസർ